**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1239** **10-08-2023 - ൽ മറുപടിയ്ക്ക്**

**തോപ്പിൽ ഭാസി സ്മാരക ആഡിറ്റോറിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക കേന്ദ്രത്തിൽ തോപ്പിൽ ഭാസി സ്മാരക ആഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്നും ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക കേന്ദ്രത്തിൽ തോപ്പിൽഭാസി സ്മാരക ആഡിറ്റോറിയ നിർമ്മാണത്തിനായി വാസ്തുവിദ്യാ ഗുരുകുലം തയ്യാറാക്കിയ 2.06 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വാസ്തുവിദ്യാ ഗുരുകുലത്തിന് കൈമാറുകയും ചെയ്തിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ കേരള സംസ്ഥാന കോസ്റ്റൽ ഏരിയാ ഡവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിക്കുകയും എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനമായ 41,23,077/-രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സൈറ്റിലെ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ